# അദ്ധ്യായം - 27



*ഭാഗവതവും വിഷ്ണുസഹസ്രനാമവും കൊടുത്ത് പ്രത്യേകത കാണിക്കൽ-ദീക്ഷിത്തിന്റെ വിറ്റൽ ദർശനം-ഗീതാരഹസ്യം-ഖപാർദിമാർ.*

ഈ അദ്ധ്യായം, ബാബ സ്പർശിച്ച് പരിപൂതമാക്കിയ ഭക്തി വിഷയമായ പുസ്തകങ്ങൾ ഭക്തൻമാർക്കു പാരായണത്തിന് കൊടുക്കുന്നതും മറ്റു കാര്യങ്ങളും പ്രതിപാദിക്കുന്നു.

## മുഖവുര

ഒരാൾ സമുദ്രത്തിൽ മുങ്ങിയാൽ എല്ലാ തീർത്ഥങ്ങളിലും പുണ്യനദികളിലും സ്നാനം ചെയ്ത ഫലം സിദ്ധിക്കുന്നു. അതുപോലെ ഒരാൾ സദ്ഗുരുപാദങ്ങളിൽ നമസ്കരിച്ചാൽ ത്രിമൂർത്തികളെയും പരബ്രഹ്മത്തെയും നമസ്ക്കരിച്ച ഫലം സിദ്ധിക്കുന്നു. കല്പദ്രുമതുല്യനും പുണ്യപ്രദായിയും ആയ സായിനാഥിന് വിജയം ആശംസിക്കുക. ഭഗവാൻ സായിനാഥ! അവിടുത്തെ കഥ കേൾക്കാൻ ഞങ്ങളിൽ ആഗ്രഹം വളർത്തിയാലും. ചാതകപക്ഷി വർഷജലം പാനം ചെയ്ത്

സന്തുഷ്ടനാവും പോലെ ഈ കഥകളിൽ നിന്ന് വായനക്കാർ അമൃതധാര പഠനം ചെയ്ത് സന്തുഷ്ടരാവട്ടെ ഈ കഥകേട്ടുകൊണ്ട് വായനക്കാരും അവരുടെ കുടുംബങ്ങളും സാത്വികഗുണം വളർത്തട്ടെ. അതായത് അവരുടെ ദേഹം വിയർത്ത്, കണ്ണുനനഞ്ഞ് പ്രാണൻ നേരേയായി, മനം ശാന്തമായി, രോമഹർഷം അനുഭവിച്ച്, അവർ ഉറക്കെ കരഞ്ഞും വിതുമ്മിക്കരഞ്ഞും അവരുടെ വിദ്വേഷങ്ങളും വ്യത്യാസങ്ങളും വലിപ്പച്ചെറുപ്പങ്ങളും ഇല്ലാതവട്ടെ. ഇവ സംഭവിച്ചാൽ ഗുരുവിന്റെ അനുഗ്രഹം അവരിൽ ആവേശിച്ചതിന്റെ ലക്ഷണമാണ്. ഈ വക വികാരങ്ങളും പ്രതികരണങ്ങളും നിങ്ങളിൽ ആവിർഭവിച്ചാൽ ഗുരു സന്തുഷ്ടനായി നിങ്ങളെ ആത്മ നിർവൃതിയിലേക്ക് നയിക്കും. അതുകൊണ്ട് മായയുടെ ശൃംഖലയിൽ നിന്ന് മോചനം ലഭിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം, പരിപൂർണ്ണമായും തൃപ്തിയോടുകൂടിയും ബാബക്ക് ആത്മാർപ്പണം ചെയ്യലാണ്. വേദങ്ങൾക്ക് നിങ്ങളെ മായാസാഗരം കടത്തിവിടാൻ കഴിയുന്നില്ല. സദ്ഗുരുവിന്നു മാത്രമെ അത് സാധിച്ച് നിങ്ങൾക്ക് സകലജീവജാലങ്ങളിലും ദൈവശക്തിയെ കാണിച്ചു തരാൻ കഴിയുകയുള്ളൂ.

## പരിപാവനമാക്കിയ പുസ്തകം കൊടുക്കൽ

ബാബയുടെ ഉപദേശം കൊടുക്കലിന്റെ വിവിധ സമ്പ്രദായങ്ങളെപ്പറ്റി മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. ഇതിൽ ഒരു സമ്പ്രദായത്തെപറ്റി പ്രസ്താവിക്കാം. സാധാരണയായി ഭക്തന്മാർ പാരായണത്തിനുള്ള ഏതെങ്കിലും പുസ്തകം കൊണ്ടുപോയി ബാബയുടെ കയ്യിൽ കൊടുത്ത് തിരിച്ചു വാങ്ങൽ ഒരു പതിവായിരുന്നു. ബാബ തൊട്ട് അവയെ പരിപാവനമാക്കലാണ് ഉദ്ദേശം. ആ പുസ്തകങ്ങൾ പാരായണം ചെയ്യുമ്പോൾ അവർക്കു ബാബയുടെ സാമീപ്യം അനുഭവപ്പെട്ടു.

ഒരിക്കൽ കാക്കാമഹാജനി ഒരു ഏകനാഥ് ഭാഗവതം പുസ്തകവുമായി ഷിർദ്ദിയിൽ വന്നു. ശാമ അത് വായിക്കാനെടുത്ത് മസ്ജിദ്ദിൽ ചെന്നു. ബാബ അതെടുത്ത് തിരിച്ചും മറിച്ചും നോക്കി ശാമക്ക് കൊടുത്ത് അത് സൂക്ഷിച്ചോളാൻ പറഞ്ഞു. ശാമ അത് കാക്കാമഹാജനിയുടെ താണെന്നും, മടക്കിക്കൊടുക്കണമെന്നും പറഞ്ഞു. ബാബ പറഞ്ഞു. 'അല്ലല്ല ഞാൻ നിനക്കുതന്നതു കൊണ്ട് നീ സൂക്ഷിച്ചു വെക്കുന്നതാണ് നല്ലത്. അത് നിനക്ക് ഉപകാരപ്രദമാവും.' ഇങ്ങനെ പല പുസ്തകങ്ങളും ശാമയെ ഏല്പിക്കലുണ്ട്. കാക്കാമഹാജനി മറ്റൊരു കോപ്പിയുമായി വന്ന് ബാബയുടെ കയ്യിൽ കൊടുത്തു. ബാബ അത് പ്രസാദമെന്ന നിലയിൽ മടക്കി കൊടുത്ത് അത് സൂക്ഷിക്കാനും അതുകൊണ്ട് ഗുണം വരുമെന്നും പറഞ്ഞു. കാക്ക അത് നമസ്ക്കാരത്തോടു കൂടി തിരിച്ചുവാങ്ങി.

## ശാമയും വിഷ്ണു സഹസ്രനാമവും

ശാമ ബാബയുടെ പ്രിയംകരനായ ഭക്തനായതിനാൽ, ബാബക്കും അയാൾക്കൊരു വിഷ്ണു സഹസ്രനാമം പ്രസാദമായി കൊടുത്ത് പ്രത്യേകത കാണിക്കണമെന്നു ണ്ടായിരുന്നു. ഇത് താഴെ പറയും പ്രകാരമാണ് ചെയ്തത്. ഒരിക്കൽ ഒരു രാമദാസി (ഋഷി രാമദാസിന്റെ അനുയായി) ഷിർദ്ദിയിൽ വന്ന് കുറച്ചുകാലം താമസിച്ചു. അയാളുടെ ദിനചര്യ ഇപ്രകാരമാണ്. രാവിലെ എഴുന്നേറ്റ് പല്ലു തേച്ച് കുളിച്ച് കാവി വസ്ത്രം ധരിച്ച് ഭസ്മം പൂശി ഭക്തിയോടു കൂടി വിഷ്ണു സഹസ്രനാമവും ആദ്ധ്യാത്മ രാമായണവും വായിക്കും. അയാൾ ഈ പുസ്തകങ്ങൾ പലവുരുവായിച്ചിരുന്നു. ബാബ ശാമയ്ക്ക വിഷ്ണു സഹസ്രനാമം പഠിപ്പിക്കണമെന്ന് തീരുമാനിച്ചു. ഒരു ദിവസം ബാബ രാമദാസിയെ വിളിച്ച് തനിക്ക് വയറ്റിൽ





വേദനയാണെന്നും സുന്നാമുക്കി കഴിക്കണമെന്നും അങ്ങാടിയിൽ പോയി വാങ്ങിക്കൊണ്ടു വരണമെന്നും പറഞ്ഞു. രാമദാസി വായന നിർത്തി അങ്ങാടിക്കുപോയി. ബാബ ഉടനെ താഴെ ഇറങ്ങി രാമദാസി വായിക്കുന്ന സ്ഥലത്ത് ചെന്ന് വിഷ്ണു സഹസ്രനാമം എടുത്ത് തന്റെ സ്ഥാനത്തു വന്നിരുന്ന് ശാമയോട് പറഞ്ഞു.: 'ശാമ ഈ പുസ്തകം വളരെ അമൂല്യവും ശക്തിമത്തുമാണ്. ഞാൻ ഇത് നിനക്ക് സമ്മാനിക്കുന്നു. നീ അത് വായിക്കൂ. ഒരിക്കൽ ഞാൻ അത്യധികം വേദനയനുഭവിച്ചു ഹൃദയം തളരാൻ തുടങ്ങി ജീവൻ തന്നെ അപകടത്തിലായി. അങ്ങനെ അപകടസമയത്ത് ഈ പുസ്തകം നെഞ്ചത്തടക്കി പിടിച്ചപ്പോൾ എന്തൊരു സമാധാനമാണ് കിട്ടിയതെന്നോ! അള്ളാഹുതന്നെ ഇറങ്ങി വന്നു രക്ഷിച്ചു എന്നു ഞാൻ കരുതി. അതുകൊണ്ട് ഇതു ഞാൻ നിനക്കു തരുന്നു. അതു സാവധാനം കുറച്ചുകുറച്ചായി വായിക്കുക. ഒരു ദിവസം ഒരു നാമമെങ്കിലും വായിക്കുക. അത് നിനക്ക് ഗുണം ചെയ്യും.' ശാമ അത് തനിക്കു വേണ്ടെന്നും അതിന്റെ ഉടമയായ രാമദാസി, കോപിഷ്ഠനും ഭ്രാന്തനും പിടിവാശിക്കാരനുമായതിനാൽ ശണ്ഠക്കു വരുമെന്നും, താൻ നാടനായതുകൊണ്ട് ദേവനാഗരി അക്ഷരം വേണ്ടപോലെ വായിക്കാൻ കഴിയില്ലെന്നും മറുപടി പറഞ്ഞു.

ശാമ വിചാരിച്ചത് ബാബ തന്നെ രാമദാസിയുമായി തല്ലിക്കാൻ നോക്കയാണെന്നാണ്. ബാബ അയാളെ എങ്ങിനെ കരുതുന്നു എന്നയാൾക്കറിഞ്ഞുകൂടായിരുന്നു. ബാബ, ഈ വിഷ്ണു സഹസ്രനാമമായ കണ്ഠാഭരണം ശാമയുടെ കഴുത്തിൽക്കെട്ടി പാമരനെങ്കിലും പ്രിയംകരനായ അയാളെ ലോകവ്യാപരത്തിൽ നിന്ന് രക്ഷിക്കണമെന്നാണ് ഉദ്ദേശി ച്ചിരുന്നത്. ഭഗവന്നാമത്തിന്റെ ശക്തി വിശ്രുതമാണ്. അത് എല്ലാ പാപത്തിൽ നിന്നും ദുർവ്വിചാരങ്ങളിൽ നിന്നും നമ്മെ രക്ഷിച്ച്




ജനനമരണങ്ങളെ ഇല്ലാതാക്കുന്നു. ഇതിലും എളുപ്പമായ സാധനയില്ല. അത് മനസ്സ് ശുദ്ധിയാക്കാൻ ഏറ്റവും പറ്റിയതാണ്. അതിന് ചടങ്ങും ഒരുക്കും ഒന്നും ആവശ്യമില്ല. അത് വളരെ എളുപ്പവും വളരെ ഫലപ്രദവുമാണ്. ഈ സാധന, ആവശ്യപ്പെട്ടില്ലെങ്കിലും ശാമ ശീലിക്കണമെന്നായിരുന്നു ബാബയുടെ ഉദ്ദേശം. അതാണ് ബാബ അയാളെ നിർബന്ധിച്ചത്. മുമ്പിതേപോലെ ഏകനാഥ് മഹരാജ് വിഷ്ണുസഹസ്രനാമം ഒരു അയൽവാസി സാധു ബ്രാഹ്മണനെ നിർബന്ധിച്ചു വായിപ്പിച്ച് കഷ്ടപ്പാടിൽ നിന്നു രക്ഷിച്ചതായി കേട്ടിട്ടുണ്ട്. വിഷ്ണുസഹസ്രനാമം വായിക്കലും പഠിക്കലും മനഃശുദ്ധിവരുത്താനുള്ള തുറന്ന വഴിയായതിനാലാണ് ബാബ ശാമയെ നിർബന്ധിച്ചത്.

രാമദാസി സുന്നാമുക്കിയുമായി വേഗം മടങ്ങി വന്നു. അന്നാചിൻചാനിക്കർ അപ്പോൾ അവിടെയുണ്ടായിരുന്നതു കൊണ്ട് അയാൾ നാരദന്റെ പണിയെടുത്ത് സംഭവിച്ചതെല്ലാം രാമദാസിയോട് പറഞ്ഞു. രാമദാസി കോപിക്കാൻ തുടങ്ങി. അയാൾ ശാമയെ ശകാരിക്കാൻ തുടങ്ങി. അയാളെ ശാമയുടെ ആവശ്യപ്രകാരമാണ് ബാബ മരുന്നിന്നയച്ചതെന്നും അങ്ങിനെ പുസ്തകം കരസ്ഥ മാക്കിയതാണെന്നും ശാമയെ കുറ്റപ്പെടുത്തി. ശാമയെ ചീത്ത പറഞ്ഞ് ഒടുവിൽ പുസ്തകം ഉടനെ മടക്കി കിട്ടിയില്ലെങ്കിൽ അയാൾ ശാമയുടെ മുന്നിൽവെച്ച് തന്നെത്താൻ തല തല്ലിപ്പൊളിക്കുമെന്ന് പറഞ്ഞു. ശാമ പലതും സമാധാനിപ്പിച്ചിട്ടും ഫലമുണ്ടായില്ല. അപ്പോൾ ബാബ ദയാപൂർവ്വം അയാളോട് പറഞ്ഞു. 'ഓ രാമദാസി! നിങ്ങൾ ക്കെന്താണ് പറ്റിയത്? എന്തിനാണിത്ര കോപിക്കുന്നത്? ശാമ നമ്മുടെ കുട്ടിയല്ലെ എന്തിനാണവനെ അനാവശ്യമായി

ചീത്തപറയുന്നത്? എന്താണ് നിങ്ങളിങ്ങനെ ലഹള ക്കാരാനായത്? നിങ്ങൾക്ക് സൗമ്യമായും മധുരമായും സംസാരിക്കാനറിഞ്ഞുകൂടെ? ഈ പുണ്യ പുസ്തകങ്ങൾ നിത്യം വായിച്ചിട്ടും മനസ്സ് പരിശുദ്ധ മാവാതെയും കോപം അടക്കാൻ വയ്യാതെയും ആണല്ലോ കാണുന്നത്. എന്തു തരക്കാരൻ രാമദാസിയാണ് നിങ്ങൾ? ഇതിലൊക്കെ നിങ്ങൾ നിർമ്മമനായിരിക്കണ്ടെ. ഈ പുസ്തകം ഇത്രയധകിം നിങ്ങൾ ആഗ്രഹിക്കുന്നത് വിരോധാഭാസമല്ലെ? ശരിയായ രാമദാസിക്ക് മമതയില്ലാതെ എല്ലാവരോടും സമതയാണുണ്ടാവേണ്ടത്. നിങ്ങൾ ശാമയോട് ഒരു പുസ്തകത്തിനുവേണ്ടി ശണ്ഠകൂടുന്നു. പോയി അവിടെ ഇരിക്കൂ. പണം കൊടുത്താൽ വേണ്ടത്ര പുസ്തകം കിട്ടും. പക്ഷെ മനുഷ്യനെ കിട്ടില്ല. നല്ല പോലെ ആലോചിച്ച് ദാക്ഷിണ്യം കാണിക്കൂ. നിങ്ങളുടെ പുസ്തകം എന്തിനുമാത്രമുണ്ട്? ശാമക്കത് വേണ്ടായിരുന്നു. ഞാനതെടുത്ത് അവനു കൊടുത്തതാണ്. ശാമ അത് വായിച്ചു നന്നാവുമെന്ന് കരുതി ഞാനവന് കൊടുത്തു. 'ബാബയുടെ സൗമ്യവും ദയാപരവും അമൃതു തുല്യവുമായ വാക്കുകൾ എത്ര മധുരമായിരുന്നു വെന്നോ അതിന്റെ ഫലം വിസ്മയാവഹമായിരുന്നു. രാമദാസി സമാധാനിച്ച് അതിന് പകരം പഞ്ച രത്ന ഗീത കിട്ടിയാൽ മതി എന്ന് ശാമയോട് പറഞ്ഞു. ശാമ സന്തോഷിച്ചു 'എന്തിന് ഒന്ന്. പത്തുകോപ്പികൾ പകരം തരാം' എന്ന് പറഞ്ഞു.

ഒടുക്കം സംഗതി ഒത്തു തീർപ്പായി. ഒരു ചോദ്യം അവശേഷിക്കുന്നതാണ്. അയാൾക്കു താല്പര്യമില്ലാത്ത ദേവനെ സംബന്ധിച്ച പഞ്ചരത്നഗീതക്ക് എന്തിനാണ് രാമദാസി ആവശ്യപ്പെട്ടത്? എന്നും പുണ്യപുസ്തകങ്ങൾ മസ്ജിദിൽ ബാബയുടെ മുന്നിലിരുന്ന് വായിക്കുന്ന അയാൾ എന്തിന്

ശാമയോട് ബാബയുടെ മുന്നിൽവെച്ചു കോപിച്ചു? നമുക്ക് ആരെയാണ് കുറ്റം പറയേണ്ടത് എന്നറിയില്ല. കുറ്റം ആർ തമ്മിൽ പങ്കുവെക്കണമെന്നും അറിയില്ല. ഒന്നുമാത്രം പറയാം. ഈ സംഭവം ഇങ്ങനെ നടന്നില്ലെങ്കിൽ വിഷ്ണുസഹസ്രനാമം പഠിക്കുന്നതിന്റെ മാഹാത്മ്യം ശാമക്ക് മനസ്സിലാവുമായിരുന്നില്ല. പിന്നീട് ശാമ സഹസ്രനാമം മുഴുവൻ പഠിച്ച് അർത്ഥം മനസ്സിലാക്കി, പുനാ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസറും ശ്രീമാൻ ഭൂട്ടിയുടെ ജാമാതാവുമായ പ്രൊഫസ്സർ നാർക്കെ എം. എ. ക്ക് വിവരിച്ച് കൊടുക്കാൻപോലും അയാൾക്ക് കഴിഞ്ഞു.

## വിറ്റൽ ദർശനം

ഒരിക്കൽ കാക്കാസാഹെബ് ദീക്ഷിത്ത് കാലത്ത് കുളികഴിഞ്ഞ് അയാളുടെ വാഡയിൽ ധ്യാനിച്ചിരിക്കുമ്പോൾ വിറ്റൽ ദർശനം സിദ്ധിച്ചു. പിന്നീട് ബാബയുടെ അടുക്കൽ പോയപ്പോൾ ബാബചോദിച്ചു: വിറ്റൽ പഠേൽ വന്നില്ലേ ? നിങ്ങൾ കണ്ടിട്ടില്ലേ? വിറ്റൽ പിടിച്ചാൽ കിട്ടാത്ത ആളാണ്, മുറുക്കെ പിടിച്ചില്ലെങ്കിൽ വഴുതി രക്ഷപ്പെടും. ഉച്ചക്ക് ഒരു വഴിക്കച്ചവടക്കാരൻ 20,25 പന്ധർപുർ വിറ്റലിന്റെ ചിത്ര ങ്ങളുമായി വന്നു. അത് ധ്യാനത്തിൽ കണ്ടപോലെ തന്നെ യായിരുന്നു. ബാബയുടെ വാക്കുകൾ ഓർമ്മ വന്ന് അതിൽനിന്ന് ഒരു പടം വാങ്ങി പൂജാമുറിയിൽ ആരാധനക്കായി വെച്ചു.

## ഗീതാരഹസ്യം

ബാബക്ക് ബ്രഹ്മവിദ്യ പഠിക്കുന്നവരെ ഇഷ്ടമായിരുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഉദാഹരണത്തിന് ഒരിക്കൽ ബാപ്പു സാഹെബ് ജോഗിന്ന് ഒരു പാർസൽ കിട്ടി. അതിൽ ലോകമാന്യതിലകന്റെ ഗീതരഹസ്യമായിരുന്നു. അത്

കക്ഷത്തുവെച്ച് അയാൾ മസ്ജിദ്ദിൽ വന്ന് ബാബയെ നമസ്കരിച്ചപ്പോൾ പുസ്തകം ബാബയുടെ കാൽക്കൽ വീണു. ബാബ അതെന്താണെന്നന്വേഷിച്ചു. പുസ്തകം ബാബയുടെ കയ്യിൽകൊടുത്തു. അത് തുറന്ന് നോക്കി ഒരു ഉറുപ്പിക മീതെവെച്ച് ജോഗിന്ന് കൊടുത്ത് ബാബ ഇപ്രകാരം പറഞ്ഞു: 'ഇത് മുഴുവൻ വായിക്കുക. നിനക്ക് നേട്ടമുണ്ടാവും.'

**ഖപർദി ദമ്പതികൾ**

ഖപർദി ദമ്പതികളെപ്പറ്റി പറഞ്ഞ് ഈ അദ്ധ്യായം അവസാനിപ്പിക്കാം. ഒരിക്കൽ ദാദാസാഹെബ് ഖപർദി കുടുംബസമേതം ഷിർദ്ദിയിൽ വന്ന് കുറച്ച് മാസം താമസിച്ചു. ദാദാസാഹെബ് സാധാരണക്കാരനായിരുന്നില്ല. അയാൾ പണക്കാരനും പ്രശസ്തനുമായ അമരാവതി (ബീറാൽ)യിലെ വക്കീലും ഡെൽഹി കൗൺസിൽ ഓഫ് സ്റ്റെയിറ്റിലെ മെമ്പറുമായിരുന്നു. പല ഭക്തന്മാരും ബാബയോട് വർത്തമാനം പറഞ്ഞും വാദിച്ചുകൊണ്ടിരുന്നെങ്കിലും മൂന്നുപേർ അതായത് ഖപർദി, നൂൽക്കാർ, ഭൂട്ടി ഇവർമാത്രം സദാ നിശ്ശബ്ദരായിരിക്കും. അവർ വിനീതരും, സൽസ്വഭാവികളുമായിരുന്നു. ദാദാസാഹെബിന് വിദ്യാരണ്യന്റെ പഞ്ചദശി വ്യാഖ്യാനിച്ച് പറയാൻ കൂടി കഴിഞ്ഞിരുന്നെങ്കിലും മസ്ജിദ്ദിൽ ബാബയുടെ സാന്നിദ്ധ്യത്തിൽ ഒന്നും മിണ്ടാതിരിക്കലാണ് പതിവ്. ഏതു പണ്ഡിതനും ബ്രഹ്മജ്ഞാനിയുടെ മുന്നിൽ ഒന്നും അല്ലല്ലോ. പാണ്ഡിത്യം പ്രകാശിക്കില്ല. ദാദസാഹെബ്, നാലുമാസം താമസിച്ചെങ്കിലും ഭാര്യ ഏഴുമാസം താമസിച്ചു. രണ്ടുപേരും ഷിർദ്ദിയിലെ താമസം കൊണ്ട് സന്തുഷ്ടരായി. എല്ലാ ഉച്ചക്കും ബാബക്ക് നൈവേദ്യം കൊണ്ടുവന്ന് ബാബ സ്വീകരിച്ചേ, അവർ ഭക്ഷണം കഴിക്കലുള്ളൂ. അവരുടെ ഭക്തിയുടെ സ്ഥിരത കണ്ട് ബാബക്ക് അത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണമെന്ന്

തോന്നി. ഒരു ഉച്ചക്ക് അവർ സൻസാ (ഗോതമ്പ് പായസം) പൂരി, ചോറ്, സൂപ്പ്, പായസം മുതലായത് മസ്ജിദ്ദിലേക്കു കൊണ്ടുവന്നു. ബാബ സാധാരണമണിക്കൂറുകളോളം താമസിക്കലുണ്ടെങ്കിലും ഇതു കണ്ട ഉടനെ എഴുന്നേറ്റ്, മൂടി എടുത്തുമാറ്റി സുഖമായി എടുത്തു ഭക്ഷിക്കാൻ തുടങ്ങി. അതുകണ്ട് ശാമ ചോദിച്ചു. 'എന്താണിത്ര പക്ഷഭേദം? മറ്റുള്ളവർകൊണ്ടുവരുന്ന ഭക്ഷണം വലിച്ചെറിഞ്ഞ് അതിൽനോക്കുകപോലും ചെയ്യലില്ല. പക്ഷെ ഇത് അടുത്തേക്ക് വലിച്ചുവെച്ചു നല്ലപോലെ കഴിക്കുന്നു. എന്താണ് ഈയമ്മയുടെ ഭക്ഷണം ഇത്ര മധുരമുള്ളതാണോ? ഞങ്ങൾക്കിത് മനസ്സിലാവുന്നില്ല' ബാബ അപ്പോൾ ഇങ്ങനെ വിവരിച്ചു:'ഈ ഭക്ഷണം യഥാർത്ഥത്തിൽ അസാധാരണമാണ്. മുൻജന്മത്തിൽ ഈ സ്ത്രീ ഒരു കച്ചവടക്കാരന്റെ ധാരാളം പാൽ നൽകുന്ന തടിച്ച ഒരു പശുവായിരുന്നു. പിന്നെ അതിനെ കാണാതായി. അത് ഒരു തോട്ടക്കാരന്റെ കുടുംബത്തിലും ഒരു ക്ഷത്രിയകുടുംബത്തിലും ജനിച്ചു. ഒരു കച്ചവടക്കാരനെ കല്ല്യാണം കഴിച്ചു. പിന്നീട് ഒരു ബ്രാഹ്മണകുടുംബത്തിൽ അവൾ ജനിച്ചു. ഞാൻ വളരെ കാലത്തിനുശേഷം അവളെ കാണുകയാണ്. അവളുടെ പാത്രത്തിൽ നിന്ന് കുറച്ച് മധുരതരമായ ഭക്ഷണമെങ്കിലും ഞാൻ കഴിക്കട്ടെ'. ബാബ നല്ല പോലെ കഴിച്ച് തൃപ്തിവന്നെന്ന് കാണിക്കാൻ ഒന്നു തേട്ടി, കയ്യും വായും കഴുകി സ്വസ്ഥാനത്ത് വന്നിരിക്കുകയും ചെയ്തു. അവർ ബാബയെ നമസ്കരിച്ച് ബാബയുടെ കാൽ തലോടികൊടുത്തു. ബാബ അവരോട് സംസാരിച്ച് അവരുടെ കയ്യ് അങ്ങോട്ടും തലോടികൊടുത്തു. ഈ അന്യോന്യപരിചാരം കണ്ട്, ശാമ തമാശയായി പറഞ്ഞു 'ഇത് നന്നായിരിക്കുന്നു, ഭഗവാനും ഭക്തനും അന്യോനം പരിചരിക്കുന്നത് നല്ലൊരു കാഴ്ചതന്നെയാണ്' അവരുടെ

വിനയവും ഭക്തിയുംകണ്ട് ബാബ അവരോട് മെല്ലെ ഹൃദ്യമായ സ്വരത്തിൽ ‘രാജാ രാമ, രാജാ രാമ‘ എന്ന് എപ്പോഴും എല്ലായ്പ്പോഴും ജപിക്കാൻ പറഞ്ഞു. ‘നീ അങ്ങിനെ ചെയ്താൽ നിന്റെ ജീവിതോദ്ദേശം സഫലമാകും, മനശ്ശാന്തി ലഭിക്കും, നിനക്കു നല്ലതുവരും ‘എന്ന് ബാബ വീണ്ടും അവരോട് പറഞ്ഞു. ആദ്ധ്യാത്മിക കാര്യങ്ങൾ പരിചയമില്ലാത്തവർക്ക് ഇത് നിസ്സാരമായി തോന്നും. പക്ഷെ കാര്യം അങ്ങനെയല്ല. അതിന്ന് സാങ്കേതികമായി ‘ശക്തിപാതം‘ എന്നു പറയാം. അതായത് ഗുരു ശിഷ്യന് തപ:ശക്തി പ്രദാനം ചെയ്യൽ. ബാബയുടെവാക്കുകൾ എത്രമാത്രം ശക്തിമത്തും ഫലവത്തുമാണ്! നിമിഷംകൊണ്ട് അവ, അവരുടെ ഹൃദയത്തിൽകൊണ്ട് സ്ഥിരപ്രതിഷ്ഠിതമായി.

ഈ കഥ ഗുരുശിഷ്യന്മാരുടെ ബന്ധം എപ്രകാരമാണ് വേണ്ടതെന്ന് തെളിയിക്കുന്നതാണ്. ഇരുവരും അന്യോന്യം ഒരേപോലെ സ്നേഹിക്കയും പരിചരിക്കയും വേണം. അവർ തമ്മിൽ ഭേദമില്ല. ഇരുവരും ഒന്നാണ്. ഒന്നിന് മറ്റൊന്നില്ലാതെ നിലനില്പില്ല. ശിഷ്യൻ ഗുരപാദത്തിൽ നമസ്കരിക്കുന്നു എന്നത് പുറമെ കാണുന്നത് മാത്രമാണ്. ആന്തരികമായും സത്യത്തിലും അവർ ഒന്നാണ് . അവർ തമ്മിൽ ഭേദം ഉള്ളതായി കാണുന്നവർ അപക്വമതികളും അപൂർണ്ണരുമാണ്.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ!